ദളിത് ഭൂസംരക്ഷണ കൺവൻഷൻ

കൊച്ചി: കാക്കനാട് മേഖലകളിൽ നിന്നും പുറന്തള്ളുന്ന ദലിത് ജനത അവരുടെ മണ്ണും ജീവിതവും തിരികെ ആവശ്യപ്പെട്ടു നടത്തുന്ന ദളിത് ഭൂസംരക്ഷണ കൺവെൻഷൻ നാളെ കാക്കനാട് തൃക്കാക്കര നഗരസഭ കമ്മ്യൂണിറ്റി ഹാളിൽ ദലിത് ചിന്തകനും ജനാധിപത്യ രാഷ്ട്രീയ പ്രസ്ഥാനം ജനറൽ സെക്രട്ടറിയുമായ സണ്ണി.എം.കപിക്കാട് ഉദ്ഘാടനം ചെയ്യും. മാർക്സിസ്റ്റ് ചിന്തകനും ഭൂമി, ജാതി, ബന്ധനത്തിന്റെ രചയിതാവുമായ കെ.മുരളി മുഖ്യപ്രഭാഷണം നടത്തും. കൺവെൻഷനിൽ സി.ആർ നീലകണ്ഠൻ, കെ.പി സേതുനാഥ്, പി.എം വിനോദ്, അഡ്വ.പി.ഒ ജോൺ, അഡ്വ.നന്ദിനി, അഡ്വ. തുഷാർ നിർമ്മൽ സാരഥി, ലതിക കൊട്ടറ തുടങ്ങിയവർ സംസാരിക്കുന്നു. സർഫാസി വിരുദ്ധ ജനകീയ പ്രസ്ഥാനവും ദലിത് ഭൂസംരക്ഷണ സമിതിയും സംയുക്തമായി കൺവെൻഷൻ സംഘടിപ്പിക്കുന്നത്.

വനിതാ കൗൺസിലർമാരുടെ അടിപിടി: രണ്ടു പേർക്കെതിരേ വധശ്രമത്തിന് കേസ്

● അഞ്ച് ഡി.വൈ.എഫ്.ഐ പ്രവർത്തകർ അറസ്റ്റിൽ

● രജിസ്റ്റർ ചെയ്തത് 5 കേസുകൾ

മൂവാറ്റുപുഴ: നഗരസഭയിൽ മൂന്നു യു.ഡി.എഫ് വനിതാ കൗൺസിലർമാർ തമ്മിൽ നടത്തിയ അടിപിടയിൽ രണ്ടു പേർക്കെതിരെ പോലീസ് വധശ്രമത്തിന് കേസെടുത്തു.

വൈസ് ചെയർപേഴ്സൺ സിനി ബിജു, കൗൺസിലർ ജോയ്സ് മേരി ആന്റണി എന്നിവർക്കെതിരെയാണ് കേസ്. മറ്റൊരു യു.ഡി.എഫ് കൗൺസിലർ പ്രമീള ഗിരീഷ് കുമാറിന്റെ പരാതിയിലാണ് നടപടി. സിനിയുടേയും ജോയ്സിന്റേയും പരാതിയിൽ പ്രമീളക്കെതിരെയും കേസെടുത്തിട്ടുണ്ട്. കഴിഞ്ഞ വ്യാഴാഴ്ച ഉച്ചയോടെ നഗരസഭ ഓഫീസിൽ വച്ചാണ് കോൺഗ്രസ് അംഗങ്ങളായ മൂന്നു പേരും ഏറ്റുമുട്ടിയത്.

സിനിയും ജോയ്സും ചേർന്ന് തന്നെ ആക്രമിക്കുകയും കത്രിക ഉപയോഗിച്ച് മുറിവേൽപ്പിക്കുകയും ചെയ്തുവെന്നാണ് പ്രമീള പോലീസിന് നൽകിയ മൊഴി. സംഭവത്തിൽ പരുക്കേറ്റ മൂന്നു പേരും ചികിത്സയിലാണ്.

പ്രമീളയെ ആക്രമിച്ച കൗൺസിലർമാരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് നടത്തിയ പ്രതിഷേധത്തിലാണ് മറ്റു മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. നഗരസഭ ഓഫീസിലേക്ക് മാർച്ച് നടത്തിയ സി.പി.എം പ്രവർത്തകർ, സി.പി.ഐ പ്രവർത്തകർ, ഓഫീസിൽ അതിക്രമിച്ച് കയറി പൊതുമുതൽ നശിപ്പിച്ച ഡി.വൈ.എഫ്.ഐ പ്രവർത്തകർ എന്നിവർക്കെതിരെയാണ് മറ്റുകേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഓഫീസ് മുതലുകൾ നശിപ്പിച്ച അഞ്ച് ഡി.ഫൈ.എഫ്.ഐ പ്രവർത്തകരെ വ്യാഴാഴ്ച രാത്രിയോടെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഫെബിൻ പി.മൂസ, ജഗൻ ജോഷി, സുഫിൻ, അജിൻ, വിജയ് എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇവരെ ഇന്നലെ കോടതിയിൽ ഹാജരാക്കിയതിനെ തുടർന്ന് ജാമ്യം അനുവദിച്ചു.

കഴിഞ്ഞ ദിവസം യു.ഡി.എഫ് പിന്തുണയുള്ള ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സണെതിരെ പ്രമീള ഗിരീഷ്കുമാർ കൊണ്ടുവന്ന അവിശ്വാസം പാസാകുകയും ഇവർ അധ്യക്ഷ സ്ഥാനത്തു നിന്നും പുറത്ത് പോകുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് പ്രമീളക്കെതിരെ യു.ഡി.എഫിൽ ഉയർന്നുവന്ന എതിർപ്പാണ് സംഭവത്തിന് പിന്നിലെന്നാണ് പ്രമീളയും ഇടതുപക്ഷ അംഗങ്ങളും ആരോപിക്കുന്നത്.

ഏതായാലും സംഭവത്തെ കുറിച്ച് പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. നഗരസഭയിലെ ആളൊഴിഞ്ഞ അടച്ചിട്ടമുറിയിലാണ് ഇവർ ഏറ്റുമുട്ടിയത്. ഇവിടെ രക്തത്തുള്ളികളും മുടിയും കണ്ടെത്തിയിട്ടുണ്ട്. ഫോറൻസിക് ഉദ്യോഗസ്ഥർ ഇന്നലെ ഇവ പരിശോധനക്കെടുത്തിട്ടുണ്ട്. സിനിയും ജോയ്സും ചേർന്ന് തന്നെ അടച്ചിട്ട മുറിയിലിട്ട് ആക്രമിക്കുകയായിരുന്നുവെന്ന് പ്രമീള പരാതിപ്പെടുന്നു. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ വാക്കുതർക്കം പറഞ്ഞ് തീർക്കാനായി പ്രമീള തങ്ങളെ മുറിയിലേക്ക് വിളിച്ചുകയറ്റി ആക്രമിക്കുകയായിരുന്നുവെന്ന് സിനിയും ജോയ്സും പറയുന്നു.

മകന്റെ കുത്തേറ്റ അമ്മ അത്യാസന്ന നിലയിൽ

▪ കിരൺ

അങ്കമാലി: മകന്റെ കുത്തേറ്റ് ഗുരുതരാവസ്ഥയിലായ അമ്മയെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവശിപ്പിച്ചു.നായത്തോട് പുതുശ്ശേരി പരേതനായ കുഞ്ഞുമോന്റെ ഭാര്യ മേരി (42) ആണ് ചികിത്സയിലുള്ളത്. സംഭവവുമായി ബന്ധപ്പെട്ട് നെടുമ്പാശ്ശേരി പൊലിസിന്റെ കേസിൽ മകൻ കിരൺ (27) റിമാൻഡിലായി. നായത്തോട് സൗത്തിലെ ഐഎൻടിയുസി ചുമട് യൂണിയൻ സെക്രട്ടറിയും, കോൺഗ്രസ്സ് പ്രവർത്തകനുമാണ് കിരൺ. ആഴത്തിലുള്ള കുത്തിൽ കുടൽ പുറത്ത് വന്ന് മേരി അത്യാസന്ന നിലയിലാണ്. അങ്കമാലി എൽഎഫ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന മേരിയുടെ തലയിൽ രക്തം കട്ട പിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടതിനാലാണ് കോട്ടയം മെഡിക്കൽ കോളേജിലേക്ക് മാറ്റിയത്. തലയുടെ ശസ്ത്രക്രിയ കഴിഞ്ഞെങ്കിലുംബോധം വീണ്ടു കിട്ടിയിട്ടില്ല.നിരവധി അടി പിടി കേസിലും മാല മോഷണ കേസിലും പ്രതിയായ കിരൺ ജയിൽ ശിക്ഷയും അനുഭവിച്ചിട്ടുണ്ട്. അമ്മയെ കുത്തി വീഴ്ത്തിയ കാര്യം ഉടൻ തന്നെ അയൽവാസികളേയും ബന്ധുമിത്രാധികളെയും അറിയിച്ചെങ്കിലും ആരും തിരിഞ്ഞ് നോക്കിയില്ല. തുടർന്ന് കിരൺ തന്നെയാണ് ആശുപത്രിയിൽ എത്തിച്ചത് .ആശുപത്രിയിൽ നിന്ന് രക്ഷപ്പെടാൻ നോക്കുന്നതിനിടെ പോലീസ് എത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. കഴിഞ്ഞ തിങ്കൾ പുലർച്ചെയായിരുന്നു സംഭവം. വീട്ടിൽ അമ്മയും മകനും മാത്രമെ ഉണ്ടായിരുന്നുള്ളൂ. പലപ്പോഴും വീട്ടിൽഅസാരസ്യങ്ങൾഉണ്ടാകാറുണ്ടെന്നാണറിയാൻ കഴിഞ്ഞത്. കിരണിന്റെഭാര്യജന്മഗൃഹത്തിലായിരുന്നു. മഞ്ഞപ്പിത്തം ബാധിച്ച് രണ്ട് വർഷം മുൻപാണ് കുഞ്ഞുമോൻ മരിച്ചത്.

അശ്രദ്ധമായ ഡ്രൈവിംഗ്: ലൈസൻസ് റദ്ദാക്കി

കൊച്ചി: എതിരെ വരുന്ന വാഹനങ്ങൾക്ക് തടസമായി വാഹനം നിർത്തിയിട്ട സ്വകാര്യ ബസ് ഡ്രൈവറുടെ ലൈസൻസ് പത്തു ദിവസത്തേക്ക് റദ്ദാക്കി. എറണാകുളം–കൂത്താട്ടുകുളം റൂട്ടിൽ സർവീസ് നടത്തുന്ന സ്വകാര്യ ബസിന്റെ ഡ്രൈവറായ കൂത്താട്ടുകുളം സ്വദേശി റെജി എന്നയാളുടെ ലൈസൻസ് ആണ് മോട്ടോർ വാഹന വകുപ്പ് റദ്ദാക്കിയത്.ചോറ്റാനിക്കരക്കും മുളന്തുരുത്തി പള്ളിത്താഴത്തിനുമിടയിലുള്ള റെയിൽവേ ഗേറ്റ് അടഞ്ഞു കിടന്നിരുന്ന സമയത്തു പള്ളിത്താഴം ഭാഗത്തു നീണ്ട വാഹനനിര വകവെക്കാതെ റെജി ഓടിച്ചിരുന്ന വാഹനം ചോറ്റാനിക്കര ഭാഗത്തു നിന്നുള്ള വാഹനം കടന്നു പോവേണ്ട വഴിയിലൂടെ അലക്ഷ്യമായും അശ്രദ്ധമായും ഓടിച്ചു കൊണ്ട് വരികയും മറ്റു വാഹനങ്ങൾക്ക് വാഹനതടസം ഉണ്ടാക്കുകയും ചെയ്തെന്ന പരാതിയിലാണ് നടപടി. പരാതി ന്യായമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒജി അനന്തകൃഷ്ണൻ റെജിയുടെ ലൈസൻസ് റദ്ദാക്കിയത്.

മഴക്കെടുതി: ജില്ലയിൽ 18 കോടിയുടെ കൃഷിനാശം

കൊച്ചി: മഴക്കെടുതിയെ തുടർന്ന് ജില്ലയിൽ 18.07 കോടി രൂപയുടെ കൃഷി നശിച്ചു.

വിവിധ ഇടങ്ങളിലായി 1012.08 ഹെക്ടറിലെ കൃഷിയാണ് ശക്തമായ മഴയിലും കാറ്റിലും വെള്ളം കയറിയും നശിച്ചത്. വിവിധ കൃഷിഭവനുകൾ തയ്യാറാക്കിയ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളാണിത്.

ഓഗസ്റ്റ് ഒന്ന് മുതൽ അഞ്ച് ദിവസത്തിനിടെയാണ് 18,07,56,165 രൂപയുടെ കൃഷി നാശം ജില്ലയിൽ റിപ്പോർട്ട് ചെയ്തത്. മൂവാറ്റുപുഴ ബ്ലോക്ക് പരിധിയിലാണ് കൂടുതൽ കൃഷി നശിച്ചത്.

ഇവിടെ 604.89 ഹെക്ടർ ഭൂമിയിലാണ് മഴ നാശം വിതച്ചത്. പെരുമ്പാവൂരിൽ 112.21 ഹെക്ടറിലും നാശം സംഭവിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം ഏറ്റവുമധികം ബാധിച്ചത് വാഴകൃഷിയെ ആണെന്ന് അധികൃതർ വ്യക്തമാക്കി. ഇതിന് പുറമേ പച്ചക്കറി, റബ്ബർ, നെല്ല് തുടങ്ങിയ കൃഷികൾക്കും പലയിടത്തും നാശമുണ്ടായിട്ടുണ്ട്.

പെരിയാറിലെ ജലനിരപ്പ്: വീണ്ടും ഉയർച്ചത്താഴ്ച്ചകൾ

ആലുവ: മഴ മാറി നിന്നെങ്കിലും പെരിയാറിലെ ജലനിരപ്പും ഉയർന്നും താഴ്ന്നും തുടരുന്നത് ജനങ്ങളെ ആശങ്കയിലാക്കുന്നു. മുല്ലപ്പെരിയാർ ഡാം തുറന്നതിനാൽ അവിടെ നിന്നുള്ള വെള്ളം ആലുവയിലെത്താൻ ഒമ്പത് മണിക്കൂർ വേണം. അതിനാൽ വീണ്ടും രാത്രിയോടെ ജലനിരപ്പ് ഇനിയും ഉയരുമോയെന്ന ആശങ്കയുണ്ട്.

വ്യാഴാഴ്ച്ച വൈകിട്ട് വീണ്ടും ഉയർന്ന ജലനിരപ്പ് ഇന്നലെ വീണ്ടും താഴ്ന്നു. മണപ്പുറം മഹാദേവ ക്ഷേത്രത്തിന്റെ മേൽകൂരയിൽ നിന്നും മൂന്നടിയോളം താഴ്ന്നാണ് ഇന്നലെ വൈകിട്ടത്തെ പെരിയാറിലെ ജലനിരപ്പ്. വ്യാഴാഴ്ച്ച വൈകീട്ട് 3.1 മീറ്ററായിരുന്നു ജലനിരപ്പ്. വെള്ളിയാഴ്ച്ച രാവിലെ മുതൽ വൈകുന്നേരം വരെ മൂന്നു മീറ്ററായിരുന്നു. മഴയുണ്ടായില്ലെങ്കിലും പുഴയിൽ ഒഴുക്ക് കുറവായതാണ് ജലനിരപ്പ് താഴാതിരിക്കാൻ കാരണമായത്. ക്ഷേത്രത്തിന്റെ ഭൂരിഭാഗവും വെള്ളത്തിനടിയിൽ തന്നെയാണ്. പെരിയാറിൽ ചെളിയുടെ അളവ് കാര്യമായി കൂടിയില്ലെന്ന് വാട്ടർ അതോറിട്ടി അധികൃതർ പറഞ്ഞു.

ജില്ലയിൽ 35 ക്യാമ്പുകളിലായി 1321 പേർ

കൊച്ചി: മഴക്കെടുതിയെ തുടർന്ന് ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവരുടെ എണ്ണം 1321 ആയി. ജില്ലയിൽ 35 ഇടത്താണ് നിലവിൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. 439 കുടുംബങ്ങളാണ് ക്യാമ്പുകളിലുള്ളത്. ഇതിൽ 535 പേർ പുരുഷന്മാരും 561 പേർ സ്ത്രീകളുമാണ്. 225 കുട്ടികളും 19 മുതിർന്ന പൗരന്മാരുമാണ് വിവിധ ക്യാമ്പുകളിൽ കഴിയുന്നത്. താലൂക് തിരിച്ച് ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം: ആലുവ–7,പറവൂർ–16,കോതമംഗലം– 2,കുന്നത്തുനാട്– 2, കൊച്ചി– 0, കണയന്നൂർ– 1, മൂവാറ്റുപുഴ– 7,

ജില്ലയിൽ വീടുകളിൽ രണ്ട് ലക്ഷം ദേശീയ പതാക ഉയരും

കൊച്ചി: 75–ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളോട് അനുബന്ധിച്ച് ജില്ലയിൽ വിതരണം ചെയ്യുന്നതിനായി ദേശീയ പതാകകളുടെ നിർമ്മാണം ഊർജിതമാക്കുകയാണ് കുടുംബശ്രീ. രണ്ട് ലക്ഷം പതാകകളാണ് ജില്ലയിലെ കുടുംബശ്രീയുടെ ടെയ്ലറിംഗ് കൺസോർഷ്യത്തിന്റെ കീഴിലുള്ള വിവിധ യൂണിറ്റുകളിലായി നിർമിക്കുന്നത്.

28 രൂപ നിരക്കിലുള്ള പതാകകൾ കൂടാതെ അമ്പതിനായിരം ചെറിയ പതാകകളുമാണ് ലഭ്യമാക്കുക. കളമശ്ശേരി, നെല്ലിക്കുഴി, പറവൂർ, വാഴക്കുളം, ഫോർട്ട് കൊച്ചി എന്നീ പ്രധാന സെന്ററുകളുടെ കീഴിൽ 55 യൂണിറ്റുകളിലായി 250 തൊഴിലാളികളാണ് നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഇരുപതിനായിരം പതാകകൾ വരെ ഒരു ദിവസം നിർമ്മിക്കാൻ സാധിക്കും.

11ന് പതാക നിർമ്മാണം പൂർത്തിയാക്കി എ.ഡി.എസ്, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എത്തിക്കും. 12ന് കുട്ടികൾ സ്കൂളുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുമ്പോൾ പതാക കൊടുത്തു വിടാനാണ് ഉദ്ദേശിക്കുന്നത്. സ്കൂളിൽ പോകുന്ന കുട്ടികളില്ലാത്ത വീടുകളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും പതാകകൾ എത്തിക്കും. ദേശീയ പതാകയ്ക്ക് ആദരവ് നൽകുന്നതിനോടൊപ്പം പൗരന്മാരുർക്ക് ദേശീയ പതാകയോട് വൈകാരിക ബന്ധം വളർത്തുന്നതിനും ദേശീയോദ്ഗ്രഥനത്തിന് പ്രചോദനം നൽകുന്നതിനും ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഹർ ഘർ തിരംഗ എല്ലാ വീടുകളിലും ത്രിവർണ്ണ പതാകയുടെ ഭാഗമായാണ് പതാക ഉയർത്തൽ.

റേഷൻ കരിഞ്ചന്ത: 30 ചാക്ക് റേഷൻ ഭക്ഷ്യ ധാന്യങ്ങളുമായി ഒരാൾ പിടിയിൽ

മട്ടാഞ്ചേരി: മട്ടാഞ്ചേരിയിൽ റേഷൻ കരിഞ്ചന്ത വേട്ട തുടരുന്നു.പൊലിസിന്റെ നേതൃത്വത്തിലാണ് അനധികൃതമായി കരിഞ്ചന്തയിൽ വിൽപനക്കായി സൂക്ഷിച്ച് വെച്ചിരുന്ന റേഷൻ ഭക്ഷ്യ ധാന്യങ്ങൾ പിടിച്ചെടുത്തത്.

വ്യാഴാഴ്ചയും വില്പന നടത്തുന്നതിനായി അനധികൃതമായി സൂക്ഷിച്ച റേഷൻ അരിയും ഗോതമ്പും മട്ടാഞ്ചേരി പൊലിസ് പിടിച്ചെടുത്തു.ഇതുമായി ബന്ധപെട്ട് ഈരവേലി ചിറപ്പുറത്ത് റോഡിൽ നാസർ (55) എന്നയാളെ പൊലിസ് അറസ്റ്റ് ചെയ്തു. ഇയാളുടെ ഉടമസ്ഥതയിലുള്ള മഷ്ഹൂർ എന്ന വീട്ടിൽ നിന്നാണ് റേഷൻ ഭക്ഷ്യ ധാന്യങ്ങളായ നാല് ചാക്ക് ഗോതമ്പ്, ആറ് ചാക്ക് വെള്ള കുത്തരി, ഒരു ചാക്ക് ചുവപ്പ് കുത്തരി, ആറ് ചാക്ക് പച്ചരി ,13 ചാക്ക് പുഴുക്കലരി എന്നിവ പിടിച്ചെടുത്തത്.കൂവപ്പാടത്ത് നിന്നും അനധികൃതമായി സൂക്ഷിച്ചിരുന്ന 130 ചാക്ക് –റേഷൻ ധാന്യങ്ങൾ കഴിഞ്ഞ ബുധനാഴ്ച പിടികൂടിയിരുന്നു.തുടർന്നുള്ള അന്വേഷണത്തിന് ഭാഗമായി നടത്തിയ പരിശോധനയിലാണ് വീണ്ടും ഭക്ഷ്യധാന്യങ്ങൾ കണ്ടെത്തിയത്.സർക്കാർ വില്പനയ്ക്കും, സേറ്റാക്ക് ചെയ്യുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും, ആവശ്യസാധന വിഭാഗത്തിൽപ്പെടുന്നതുമായ റേഷൻ അരിയും, റേഷൻ ഗോതമ്പും മറ്റും യാതൊരു രേഖകളുമില്ലാതെ അനധികൃതമായി ശേഖരിച്ച് സൂക്ഷിച്ച് വെച്ചതാണ് പൊലിസ് പിടിച്ചത്.റേഷൻ കടകളിൽ നിന്നും, സൗജന്യ റേഷൻ വാങ്ങുന്നവരിൽ നിന്നും കുറഞ്ഞ വിലയ്ക്ക് റേഷൻ ധാന്യങ്ങൾ വാങ്ങി ശേഖരിച്ച് വലിയ സംഘങ്ങൾക്ക് കൂടിയ വിലക്ക് മറിച്ച് നൽകിയിരുന്ന ഇടനിലക്കാരനായിരുന്നു പിടിയിലായ പ്രതി നാസർ. സ്ഥലത്തെത്തിയ സിറ്റി റേഷനിങ് അധികൃതർ കണ്ട് കെട്ടിയ സാധനങ്ങളുടെ കണക്കുകൾ ശേഖരിച്ചു. പ്രതികൾക്കെതിരെ മട്ടാഞ്ചേരി പൊലിസ് കേസെടുത്തു. മട്ടാഞ്ചേരി അസിസ്റ്റൻറ് കമ്മിഷ്ണർ വി. ജി രവീന്ദ്രനാഥ്, മട്ടാഞ്ചേരി പൊലിസ് ഇൻസ്പെക്ടർ ത്യദീപ് ചന്ദ്രൻ, സബ് ഇൻസ്പെക്ടർമാരായ കെ. ആർ രൂപേഷ്, മധു സൂധനൻ, കെ. കെ ശിവൻകുട്ടി, പ്രൊബേഷൻ എസ്. ഐ അലക്സ്, അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ എൻ. അശോകൻ, സീനിയർ സിവിൽ പൊലിസ് ഓഫിസർമാരായ എഡ്വിൻ റോസ്, പി. എം മനീഷ് സിവിൽ പൊലിസ് ഓഫിസർ കെ .എ അനീഷ് എന്നിവരാണ് കരിഞ്ചന്തയിൽ വില്പന്നതിനായി സൂക്ഷിച്ച റേഷൻ ഭക്ഷ്യധാന്യങ്ങൾ കണ്ടു കെട്ടിയത്.

സ്വാതന്ത്ര്യദിന ക്വിസ്

കൊച്ചി: സർക്കാരിന്റെ ഊർജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മന്റ് സെന്ററും ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലും പാരമ്പര്യ ട്രസ്റ്റും സംയുക്തമായി സ്വാതന്ത്ര്യ ദിന ക്വിസ് മത്സരങ്ങൾ 13, 14 തീയതികളിൽ ഫോർട്ട് കൊച്ചി നേപ്പിയർ ഹെറിറ്റേജ് ഹോട്ടലിൽ നടക്കും. ജില്ലയിലെ ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂൾ, കോളജ് എന്നീ രണ്ടു വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായാണ് മത്സരങ്ങൾ നടത്തുന്നത് പ്രാഥമിക എഴുത്തു പരീക്ഷ, നേരിട്ടുള്ള ചോദ്യോത്തരങ്ങൾ എന്നീ ഘട്ടങ്ങളിലൂടെയാണ് വിജയികളെ കണ്ടെത്തുന്നത്. വിവരങ്ങൾക്ക് :7994449032, 9447744400.

കോതമംഗലം പെരുമ്പാവൂർ റൂട്ടിൽ സ്വകാര്യ ബസുകൾ സർവീസ് നിർത്തുന്നു

കോതമംഗലം: പെരുമ്പാവൂർ കോതമംഗലം റോഡിലൂടെ ബസിന്റെയും യാത്രക്കാരന്റെയും നടുവൊടിച്ചുള്ള യാത്ര ഇങ്ങിനെ തുടരാനാവില്ലെന്ന് സ്വകാര്യ ബസ് ഉടമകൾ.ആലുവ മൂന്നാർ റോഡിന്റെ ഭാഗമായ പെരുമ്പാവൂർ മുതൽ കോതമംഗലം വരെയുള്ള റോഡിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി മഴ തുടങ്ങും മുമ്പ് കോതമംഗലം ബസ് ഓണേഴ്സ് അസോസിയേഷൻ നിരവധി നിവേദനങ്ങൾ അധികാരികൾക്ക് നൽകിയിരുന്നു എന്നാൽ ഇതൊന്നും അധികാരികൾ പരിഗണിഗണിച്ചില്ല.ഇന്ന് ചെറു വാഹനങ്ങൾക്ക് പോലും സഞ്ചരിക്കാൻ കഴിയാത്ത രീതിയിൽ പൊട്ടിപ്പൊളിഞ്ഞ കുഴികൾ രൂപപ്പെട്ടു കൊണ്ടിരിക്കുന്ന ഈ റോഡിലൂടെ സമയം ക്ലിപ്തത പാലിച്ച് ആയിരക്കണക്കിന് വിദ്യാർഥികളെയും യാത്രക്കാരെയും വഹിച്ചുകൊണ്ട് സമയക്ലിപ്തത പാലിച്ച് ബസുകൾക്ക് ഇതുവഴി സർവീസ് നടത്താൻ കഴിയാത്ത വാഹചര്യമാണുള്ളത്.കൂടാതെ റോഡിന്റെ ശോചനീയാവസ്ഥ മൂലം ഓരോ ബസിനും ദിവസവും 10 ലിറ്റർ ഡീസൽ അധികമായി ചിലവ് വരുന്നു പ്ലേറ്റ് ഒടിഞ്ഞ് വർക്ക്ഷോപ്പിൽ ആകുന്നത് നിത്യ സംഭവമാണ്.ഇന്ന് അധികൃതർക്ക് വീണ്ടും നോട്ടീസ് നൽകും.അടുത്ത ശനിയാഴ്ചയ്ക്കകം തീരുമാനമാകുന്നില്ലെങ്കിൽ അനിശ്ചിതകാലത്തേക്ക് സർവീസ് നിർത്തിവയ്ക്കാനാണ് അസോസിയേഷൻ യോഗം തീരുമാനിച്ചിട്ടുള്ളതെന്ന് ജനറൽ സെക്രട്ടറി സി.ബി. നവാസ് അറിയിച്ചു.നിവൃത്തികേടുകൊണ്ടും മറ്റു പോംവഴികൾ ഇല്ലാത്തതുകൊണ്ടുമാണ് ഇത്തരം ബസ് നിർത്തിവയ്ക്കൽ സമരത്തിലേക്ക് പോകുന്നതെന്ന് കോതമംഗലം ബസ് ഓണേഴ്സ് അസോസിയേഷൻ അറിയിച്ചു.

യാത്രക്കാരിയോട് മോശമായി പെരുമാറി; ഡ്രൈവറുടെ ലൈസൻ റദ്ദാക്കി

കൊച്ചി: യാത്രക്കാരിയോട് അപമര്യാദയായി പെരുമാറിയ സ്വകാര്യ ബസ് ഡ്രൈവറുടെ ലൈസൻസ് മോട്ടോർ വാഹന വകുപ്പ് തത്കാലികമായി റദ്ദാക്കി. വൈക്കം സ്വദേശിയായ ജിഷ്ണു രാജിന്റെ ലൈസൻസ് ആണ് മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ഒൻപതു ദിവസത്തേക്ക് റദ്ദാക്കിയത്. വൈക്കം–ഇടക്കൊച്ചി റൂട്ടിൽ സർവീസ് നടത്തുന്ന ബസിൽ സ്ഥിരമായി യാത്ര ചെയ്തിരുന്ന യാത്രക്കാരി ഇറങ്ങേണ്ട സ്റ്റോപ്പ് എത്തുന്നതിനു മുൻപ് തന്നെ ഇക്കാര്യം ഡ്രൈവറോട് പറഞ്ഞിരുന്നു. വാഹനം നിർത്താമെന്ന് മറുപടി നൽകിയ ഡ്രൈവർ യാത്രക്കാരി ഇറങ്ങുന്നതിനിടെ വാഹനം മുൻപോട്ട് ഓടിച്ചു പോവുകയായിരുന്നു. അടുത്ത ദിവസം ഈ വിവരം ചോദ്യം ചെയ്ത യാത്രക്കാരിയെ ഡ്രൈവർ അസഭ്യം പറഞ്ഞതിനെ തുടർന്നാണ് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് പരാതി നൽകിയത്. പരാതി ന്യായമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.ജി അനന്തകൃഷ്ണൻ ജിഷ്ണു രാജിന്റെ ലൈസൻസ് റദ്ദാക്കിയത്.

● സീപോർട്ട്–എയർപോർട്ട് അപ്രോച്ച് റോഡ് ഭൂമി ഏറ്റെടുക്കൽ

താൽപര്യങ്ങൾക്കു വഴങ്ങാത്തതിനാൽ പകപോക്കുന്നതായി റവന്യൂ റിക്കവറി തഹസിൽദാരുടെ പരാതി

കൊച്ചി: സീപോർട്ട്–എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട പാലത്തിന്റെ അപ്രോച്ച് റോഡിനായി ഭൂമി ഏറ്റെടുക്കുന്നതിനു വസ്തുവിനു നഷ്ടപരിഹാരം നൽകുന്നതിൽ ഉന്നത ഉദ്യോഗസ്ഥന്റെ താൽപര്യങ്ങൾക്കു വഴങ്ങാതെ നിയമപരമായി പ്രവർത്തിച്ചതിനു പകപോക്കുന്നുവെന്ന പരാതി നൽകി റവന്യൂ റിക്കവറി തഹസിൽദാർ. കള്ളക്കേസിൽ കുരുക്കി ഭാവി തകർക്കാൻ ഉയർന്ന ഉദ്യോഗസ്ഥൻ ശ്രമിക്കുന്നുവെന്നാണു ലാൻഡ് റവന്യൂ കമ്മിഷണർക്കു നൽകിയ പരാതിയിൽ വിനോദ് മുല്ലശേരി ആരോപിക്കുന്നത്.

അപ്രോച്ച് റോഡിനായി അബ്ദുൾ ലത്തീഫ് എന്നയാളുടെ ഭൂമിക്കു നിയമപരമായി 2.35 കോടി രൂപ മാത്രമേ നിയമപരമായി നഷ്ടപരിഹാരം നൽകാൻ സാധിക്കൂവെന്നിരിക്കേ 4.06 കോടി നൽകാൻ ഉന്നത ഉദ്യോഗസ്ഥൻ ഉൾപ്പെട്ട സംഘം തഹസിൽദാരോട് ആവശ്യപ്പെട്ടെങ്കിലും അതു കൂട്ടാക്കാതെ നിയമപരമായി പ്രവർത്തിച്ചതിനാണു കള്ളക്കേസിൽ കുരുക്കി സ്ഥലം മാറ്റം അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതെന്നു പരാതിയിൽ പറയുന്നു.

ഉദ്യോഗസ്ഥൻ നിരന്തരമായി വ്യാജവും അടിസ്ഥാനരഹിതവുമായ ആരോപണങ്ങൾ ഉന്നയിച്ച് ഉപദ്രവിക്കുന്നുവെന്നാണു പരാതിയിൽ പറയുന്നത്. 2021 സെപ്റ്റംബർ വരെ നെടുമ്പാശേരി വിമാനത്താവളം പൊന്നുംവില തഹസിൽദാറായിരുന്ന ഘട്ടത്തിൽ ഉണ്ടായ സംഭവങ്ങളുടെ പേരിലാണു തനിക്കു വ്യാജ ആരോപണങ്ങളും ഭീഷണികളും നേരിടേണ്ടി വരുന്നതെന്നു വിനോദ് ലാന്റ്റവന്യു കമ്മിഷണർക്കയച്ച കത്തിൽ സൂചിപ്പിക്കുന്നു.

അപ്രോച്ച് റോഡിനായി ഏറ്റെടുത്ത ഭൂമിയുടെ അവാർഡ് തയാറാക്കി നൽകേണ്ടതായി വന്ന അബ്ദുൽ ലത്തീഫ് എന്നയാളുടെ കൈവശം ഇരുന്നതും മിച്ചഭൂമിയായി പ്രഖ്യാപിച്ചതുമായ ഭൂമിയുടെ നഷ്ടപരിഹാരം സംബന്ധിച്ചാണ് ഉന്നത ഉദ്യോഗസ്ഥൻ അനാവശ്യമായി ഇടപെടൽ നടത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തത്.

2012 ൽ നോട്ടിഫിക്കേഷൻ നടത്തി 2016 ൽ ലാൻഡ് ട്രാൻസ്ഫർ വഴി ക